പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3327 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. കെ. സി. മമ്മത് കോയ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.സർവ്വീസുകൾ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ജനസൗഹൃദമാക്കുന്നതിന് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് മറ്റു സംസ്ഥാനങ്ങളിലെ 6 കൗണ്ടറുകൾ ഉൾപ്പെടെ 24 കൗണ്ടറുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 പ്രൈവറ്റ് ഫ്രാഞ്ചൈസികളും ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി ബസുകളിലും മുൻകൂർ ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പണം കൈയിൽ കരുതാതെ തന്നെ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള ട്രാവൽ കാർഡ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. നാലുതരം ട്രാവൽ കാർഡുകളാണ് നിലവിലുള്ളത്. സ്ത്രീകൾക്ക് മാത്രമായി പിങ്ക് ബസ്സുകൾ നിരത്തിലിറക്കി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ സി.എൻ.ജി. ഉപയോഗിച്ചോടുന്ന 1000 ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതിയും നല്കിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകളിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുമോ? | (ബി) | ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ